# GOVT. LPS VILAKUDY




# ദീപനാളം

# അക്കാദമിക മാസ്റ്റർപ്ലാൻ

## G.L.P.S വിളക്കുടി



# ഉള്ളടക്കം

ആമുഖം

- സ്കൂൾ ചരിത്രം
- മികവുകൾ പോരായ്മകൾ
- നിലവിലെ അവസ്ഥ ഒറ്റനോട്ടത്തിൽ
- കുട്ടികളുടെ എണ്ണം
- അദ്ധ്യാപകർ, അനദ്ധ്യാപകർ
- ഭൗതികാന്തരീക്ഷം
- പിന്തുണാ സംവിധാനങ്ങൾ

മേഖല 1

പഠനബോധന തന്ത്രങ്ങൾ

വിഷയം മലയാളം

- ലക്ഷ്യങ്ങൾ
- പ്രവർത്തനങ്ങൾ
- പ്രവർത്തന വിശദാംശങ്ങൾ ഭാഷ

വിഷയം ഇംഗ്ലീഷ്

- ലക്ഷ്യങ്ങൾ
- പ്രവർത്തനങ്ങൾ
- പ്രവർത്തന വിശദാംശങ്ങൾ ഗണിതം

വിഷയം ഗണിതം

- ലക്ഷ്യങ്ങൾ
- പ്രവർത്തനങ്ങൾ
- പ്രവർത്തന വിശദാംശങ്ങൾ ഗണിതം

വിഷയം അറബിക്ക്

- ലക്ഷ്യങ്ങൾ
- പ്രവർത്തനങ്ങൾ

വിഷയം പരിസരപഠനം

- ലക്ഷ്യങ്ങൾ
- പ്രവർത്തനങ്ങൾ
- പ്രവർത്തന വിശദാംശങ്ങൾ
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള പ്രവർത്തനങ്ങൾ
- സവിശേഷ മികവു പുലർത്തുന്നവർക്കുള്ള പ്രവർത്തനങ്ങൾ

മേഖല 2

- വിദ്യാലയ വുഭവങ്ങൾ
- ലക്ഷ്യങ്ങൾ
- പ്രവർത്തനങ്ങൾ
- അക്കാദമിക നിലവാരം
- ഒരു ജനകീയവിലയിരുത്തൽ
- ലക്ഷ്യങ്ങൾ
- പ്രവർത്തനങ്ങൾ
- ഉപസംഹാരം
- അനുബന്ധം
- പഞ്ചായത്ത് തലത്തിൽ പിന്തുണ ആവശ്യമുള്ള പ്രവർത്തനങ്ങൾ

ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ ഭാഗമായി കുട്ടികളുടെ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ട് ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. വിദ്യാലയം അതിന്റെ ഭാവി വികസന കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തിചേരാൻ ഇത് സഹായകമാവും. ഒരു വിദ്യാലയം ഇപ്പോൾ എന്താണോ എന്നതിലുപരി കൂടുതൽ മികവിലേക്കും കൂടുതൽ പൂർണ്ണതയിലേക്കും എത്തിചേരണമെങ്കിൽ അതിന്റെ ഭാവിയെ കുറിച്ച് പുത്തൻ പ്രതീക്ഷകളും, ആ പ്രതീക്ഷകൾ പൂവണിയാൻ വേണ്ട വ്യക്തമായ കാഴ്ചപാടുകളും ഉണ്ടാവണം.

കുട്ടികളുടെ സമഗ്ര വികസനമാണ് നമ്മുടെ ലക്ഷ്യം. പൊതുവിദ്യാഭ്യാസ രംഗത്തെ കുറവുകൾ കണ്ടെത്തി പരിഹരിച്ച് ബോധതന്ത്രങ്ങൾ രൂപീകരിക്കേണ്ടതാണ്. പാഠ്യപദ്ധതി ശിശുകേന്ദ്രീകൃതവും, പ്രക്രിയാബന്ധിതവും, ആയാസകരവും, ജീവിതഗന്ധിയുമായിരിക്കണം. ജീവിതമൂല്യങ്ങൾ ഉയർത്തി പിടിക്കുന്നതും സാമൂഹികബോധം വളർത്തുന്നതും പ്രകൃതി സംരക്ഷണം ഉൾക്കൊള്ളുന്നതും ആയിരിക്കണം. ആരോഗ്യ പ്രവൃത്തി പരിചയ കലാകായിക പഠനം വിദ്യാലയങ്ങളിൽ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് നടപ്പാക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പദ്ധതികളോട് സർവ്വാത്മന സഹകരിച്ച് പ്രവർത്തിക്കാൻ വിളക്കുടി ഗവ. എൽ. പി. സ്ക്കൂളിന് സാധിക്കുന്നു എന്നത് പ്രത്യേകം അഭിമാനാർഹമാണ്. സ്ക്കൂളിന്റെ സമഗ്ര വികസനത്തിനുള്ള അക്കാദമിക രേഖ തയ്യാറാക്കുമ്പോൾ വിദ്യാലയത്തെ കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെ കുറിച്ചും സൂചിപ്പിക്കുന്നത് ഉചിതമായി കരുതുന്നു.

വിദ്യാലയ ചരിത്രം

പ്രദേശവാസികളുടെ പ്ര.ത്നഫലമായി 1948 ൽ വിളക്കുടി ഗവ. എൽ. പി. സ്കൂൾ സ്ഥാപിതമായി. വിളക്കുടി പ്രദേശത്തെ ആദ്യ വിദ്യാലയമായിരുന്നു ഇത്. വിളക്കുടി സ്വദേശിയായ ശ്രീമാൻ. കുഞ്ഞൻപിള്ള സാർ ആയിരുന്നു ഈ സ്കൂളിന്റെ പ്രഥമ പ്രധാന അധ്യാപകൻ.

പത്തനാപുരം താലൂക്കിലെ വിളക്കുടി പഞ്ചായത്തിലാണ് ഈ വിദ്യാലയം നിലകൊള്ളുന്നത്. വിളക്കുടിയിൽ കൊല്ലം തിരുമംഗലം ദേശീയ പാതയ്ക്ക് സമീപം തികച്ചും ശാന്തസുന്ദരമായ പശ്ചാതലത്തിൽ ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നു. 50 സെന്റ് കാമ്പസിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്. കഴിഞ്ഞ 70 വർഷങ്ങളായി ഈ നാടിന്റെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ ഒരു തിലകക്കുറിയായി ഈ വിദ്യാലയം ശോഭിക്കുന്നു. നാടിനു ധാരാളം മഹാരഥൻമാരെ സംഭാവന ചെയ്യുവാൻ ഈ സ്കൂളിനു കഴിഞ്ഞിട്ടുണ്ട്. വിളക്കുടി പഞ്ചായത്തിലെ 17 ാം വാർഡിലാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്.

ഈ വിദ്യാലയത്തിലെ ഓരോ വേറിട്ട പ്രവർത്തനങ്ങളിലൂടെ അക്കാദമികവും, ഭൗതികവും, സാമൂഹികവുമായ കാര്യങ്ങളിൽ ഈ സ്കൂൾ വളർച്ചയുടെ പാതയിലാണ്. മുന്നേറുകയാണ്. 2022 2023 അധ്യാന വർഷം പ്രീ പ്രൈമറി മുതൽ 4 ാം ക്ലാസ്വരെ 296 കുട്ടികൾ ഇവിടെ പഠിക്കുന്നു. ഓരോ അക്കാദമിക് വർഷവും കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നത് ഈ സ്കൂളിന്റെ അഭിമാന നേട്ടമാണ്. എൽ. പി. വിഭാഗത്തിൽ ഹെഡ്മിസ്ട്രസ് ഉൾപ്പെടെ എട്ട് അധ്യാപകരും (4 ഗവൺമെന്റ് അധ്യാപകരും 3 താൽക്കാലിക അധ്യാപകരും), പ്രീ പ്രൈമറി വിഭാഗത്തിൽ 2 അധ്യാപകരും, 1 ആയയും പി. ടി. എ നിയമിച്ച 1 ആയയും സേവനം അനുഷ്ഠിക്കുന്നു. നിലവിലുള്ള മികവുകൾ പോരായ്മകൾ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഈ വിദ്യാലയത്തിലെ കുട്ടികൾ വളരെ മികച്ച നിലവാരം പുലർത്തുന്നു. ഒന്നാം ക്ലാസ് ഒഴികെ 2 മുതൽ 4 വരെ രണ്ട് ഡിവിഷനുകളായി പ്രവർത്തിക്കുന്നു. .... ഡിവിഷനിൽ മലയാളം മീഡിയവും .... ഡിവിഷനിൽ ഇംഗ്ലീഷ് മീഡിയവും പ്രവർത്തിക്കുന്നു. മലയാളം മീഡിയത്തെ അപേക്ഷിച്ച് സ്റ്റേറ്റ് സിലബസ് ഇംഗ്ലീഷ് മീഡിയത്തിൽ കുട്ടികളുടെ എണ്ണം കൂടുതലാണ്. സ്കൂളിൽ അധ്യാപകരുടെ നേതൃത്വത്തിൽ വിവിധ ക്ലബുകൾ പ്രവർത്തിക്കുന്നു. എല്ലാ ക്ലാസുകളും അക്കാദമിക് വർഷം മുഴുവൻ പ്രവർത്തനക്ഷമമാണ്.

ഉപജില്ല, ജില്ല കലാസാഹിത്യ ശാസ്ത്രപ്രവൃത്തി പരിചയ മേളകളിലും ഇവിടുത്തെ കുട്ടികൾ മികച്ച വിജയം നേടി വരുന്നു. ഉപജില്ലാ അറബിക് കലോത്സവങ്ഹളിൽ ഓവറോൾ ഫസ്റ്റ് ചാമ്പ്യൻഷിപ്പ് വർഷങ്ങളായികരസ്ഥമാക്കുന്നത് ഈ സ്കൂളിലെ കുട്ടികളാണ്. ....... പരീക്ഷകളിൽനിരവധി തവണ ഉന്നതവിജയം കരസ്ഥമാക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. ത്കച്ചും കുറ്റമറ്റ രീതിയിൽ തന്നെ പ്രഭാത ഭക്ഷണ പരിപാടിയും ഉച്ചഭക്ഷണ പരിപാടിയും നടത്തുവാൻ ഞങ്ങൾക്ക് സാധിക്കുന്നു.

പഠന നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ധേശത്തോടെ ... യുടെ ആവശ്യപ്രകാരം ... ഹിന്ദി പഠനം എന്നിവയും ഇവിടെ നടത്തപ്പെടുന്നു. ...... സാധ്യതകൾ പ്രയോജനപ്പെടുത്തി നിർദ്ധിഷ്ട പഠന നേട്ടങ്ങൾ കുട്ടികളിൽ എത്തിക്കുന്നു. ... പഠനത്തിനുള്ള അവസരവും ഇവിടെ ഞങ്ങൾ ഒരുക്കുന്നു.

50 സെന്റ് സ്ഥലത്ത് രണ്ട് കെട്ടിടങ്ങളിലായി കാലാസ് മുറികൾ സജ്ജീകരിച്ചിരിക്കുന്നു. പുതിയ ബിൽഡിംഗിൽ 8 ക്ലാസ് മുറികലും ഓഫീസ് കെട്ടിടം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ഒരു ക്ലാസ് മുറിയും പ്രവർത്തിക്കുന്നു. .... കെട്ടിടവും ഈ കോമ്പൗണ്ടിൽ തന്നെ പ്രവർത്തിക്കുന്നു. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകം ശുചിമുറികളും ക്രമീകരിച്ചിട്ടുണ്ട്. സുരക്ഷിതമായ അടുക്കളയും, സ്റ്റോർ റൂമും ഉണ്ട്. പ്രഭാത ഭക്ഷണവും, ഉച്ചഭക്ഷണവും തയ്യാറാക്കുന്നതിന് വേവേറെ മുറികൾ പ്രവർത്തിക്കുന്നു.

കുട്ടികൾക്ക് കായികവും, മാനസികവുമായ ഉല്ലാസത്തിന് കിഡ്സ് പാർക്ക് സജ്ജീകരിച്ചിരിക്കുന്നു. പുതിയ കെട്ടിടത്തിന്റെ നിർമ്മാണ സമയത്ത് പാർക്ക് പൊളിച്ചുമാറ്റേണ്ടി വന്നു. കുട്ടികളുടെ യാത്ര ക്ലേശം പരിഹരിക്കുന്നതിന് പത്തനാപുരം ..... യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും സ്കൂൾ വാൻ ലഭിച്ചിട്ടുണ്ട്. 100 ൽ പരം കുട്ടികൾ സ്കൂൾ വാഹനത്തെ ആശ്രയിക്കുന്നു. വേനൽ കാലത്തെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനായി ...... യുടെ ഫണ്ടിൽ നിന്ന് 375000 രൂപയുടെ സംഭരണി സ്കൂൾതലത്തിൽ ഒരുക്കിയിട്ടുണ്ട്.

രണ്ട് ടാങ്കുകളും ആവശ്യത്തിന് ടാപ്പുകളും ഉണ്ട് കൂടാതെ ടൈൽ പാകി വൃത്തിയാക്കിയ ഓഡിറ്റോറിയവും ഉണ്ട്. വിദ്യാലയവും പരിസരവും പൂർണ്ണമായും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നു. ഈ വിദ്യാലയത്തിന്റെ എടുത്തു പറയത്തക്ക ഒരു മികവാണ് കാര്യക്ഷമമായി പ്രവർത്തിക്കുന്ന പി.ടി.എ, ..... മുതലായവ.

ഈ വിദ്യാലയം നേരിടുന്ന വിജയത്തിന് പിന്നിൽ പി.ടി.എ, സ്കൂൾ ഗ്രൂപ്പ് അംഗങ്ങൾ, മാതൃസമിതി അംഗങ്ങൾ, അധ്യാപകർ തുടങ്ഹിയവരുടെ നിരന്തരവും, സതുത്യർഹവുമായ പരിശ്രമം ഉണ്ടായിരുന്നു എന്നത് ഈ സ്കൂളിന്റെ അഭിമാന നേട്ടങ്ങലിൽ ഒരിക്കലും വിസ്മരിക്കാനാവില്ല. വിളക്കുടി എൽ പി. സ്കൂളിനെ പുനലൂർ ഉപജില്ലയിലെ മുൻനിര സ്കൂളാക്കി മാറ്റുവാൻ സാധിച്ചത് ഇവരുടെയൊക്കെ പിന്തുമ ഒന്നു കൊണ്ടുമാത്രമാണ്. ഈ വിദ്യാലയം നേരിടുന്ന ഏറ്റവും വലിയ ഒരു പ്രശ്നമാണ് സ്ഥല പരിമിതി. കുട്ടികൾക്ക് കളിക്കാനുള്ള ഗ്രൗണ്ടിന്റെ സൗകര്യകുറവ് ഒരു പ്രശ്നമായി കാണുന്നു, പ്രീ പ്രൈമറി കുട്ടികൾക്ക് കായികവും മാനസിക ഉല്ലാസത്തിന് നല്ലൊരു പാർക്ക് ഇല്ലാ എന്നതും ഒരു പരിമിതിയായി ചൂണ്ടിക്കാട്ടുന്നു. കുട്ടികളുടെ വിനോദത്തിന് ആവശ്യമായ കളി ഉപകരണങ്ങളുടെ ലഭ്യത കുറവും ഈ സ്കൂളിന്റെ പരിമിതിയിൽ പെടുന്നു.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ചിൽഡ്രൻസ് പാർക്ക് | പി.ടി.എ ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | കളി സ്ഥലം | വിദ്യാലയ വികസന സമിതി |
| ഇംഗ്ലീഷ് പഠന പരിപോഷണം | മാലിന്യ സംസ്കരണം | പൂർവ്വ വിദ്യാർത്ഥി സംഘടന |
| വായനാ പരിപോഷണം | ജന്മ ദിനത്തിനൊരു പുസ്തകം | എസ്. എസ് ജി |
| ലൈബ്രറി ശാക്തികരണം | വീട്ടിലും സ്കൂളിലും ഒരു കൃഷിത്തോട്ടം | ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വ അധ്യാപകർ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| പ്രതിഭാപോഷണ പരിപാടികൾ | സ്കൂൾ അങ്കണം അലങ്കരിക്കൽ | ക്ലാസ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| ജൈവ വൈവിധ്യ പാർക്ക് | പൂന്തോട്ടം മനോഹരമാക്കൽ | വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ |
| പഠന യാത്രകൾ | | |
| സാഹിത്യപോഷണ പരിപാടികൾ | | |
| കലാ കായിക മേള | | |
| ഐ. ടി. പരിശീലനം | | |
| അധ്യാപക ശാക്തികരണ പരിപാടികൾ | | |
| ക്ലാസ് പി.ടി.എ സജീവമാക്കൽ | | |

# എന്റെ വിദ്യാലയത്തിന്റെ കാഴ്ചപ്പാട്

ഓരോ കുട്ടിക്കും അവരുടെ കഴിവുകൾ വികസിപ്പിക്കാനുതകുന്ന സമ്പൂർണ്ണ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നു.

അക്കാദമികനിലവാരത്തെകുറിച്ച് ഒരു വിദ്യാലയത്തിന്റെ കാഴ്ചപ്പാട് എന്തായിരിക്കുമോ അതനുസരിച്ചായിരിക്കും ആ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറുക. എന്തെല്ലാം കഴിവുള്ള കുട്ടികളാണ് ആ വിദ്യാലയത്തിൽ നിന്നും പുറത്തുപോയി സമൂഹത്തിന്റെ അഭിമാനമായി മാറുക എന്ന് വിലയിരുത്താൻ നമുക്ക് കഴിയണം. അതിന് ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി പരിഗണിച്ച് പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടതാണ് ഈ വിദ്യാലയത്തിൽ എത്തിചേരുന്ന കുട്ടികൾ അതാത് ക്ലാസുകളിൽ നേടേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക എന്നത് നമ്മുടെ പൊതുകാഴ്ചപ്പാടായി മാറണം. ഈ വിദ്യാലയത്തിന് അതിന്റെ പുരോഗതിയിലേക്ക് നയിക്കുന്ന വ്യക്തമായ കാഴ്ചപ്പാടുകൾ അടിസ്ഥാനമാക്കി പ്രവർത്തിക്കാനുള്ള ബാധ്യതയുണ്ടെന്ന് തിരിച്ചറിയുന്നു. ഈ തിരിച്ചറവിന്റെ വെളിച്ചത്തിൽ ഞങ്ങളുടെ വിദ്യാലയത്തിന്റെ പൊതുകാഴ്ചപ്പാടിനെ അടിസ്ഥാനമാക്കി ഉരുത്തിരിഞ്ഞ ബോധ്യങ്ങൾ താഴെചേർക്കുന്നു.

- പഠനത്തെകുറിച്ചുള്ള കാഴ്ചപ്പാട്
- വിലയിരുത്തലിന് കൊടുക്കേണ്ട പ്രാധാന്യം
- പ്രത്യേക പരിഗണന അർഹിക്കുന്നവരോടുള്ള സമീപനം എങ്ങനെയായിരിക്കണം.
- പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള സമീപനം.
- അധ്യാപക ശാക്തീകരണത്തിന്റെ പ്രാധാന്യം.
- കുട്ടികളുടെ മാനസിക വൈകാരിക അവസ്ഥയും പഠനവും.
- സാമൂഹ്യബന്ധം ഊട്ടിയുറപ്പിക്കൽ.

മുകളിൽ പറഞ്ഞിരിക്കുന്ന ബോധ്യങ്ങളെ അടിസ്ഥാനമാക്കി രൂപീകരിച്ച പൊതുകാഴ്ചപ്പാട് സാക്ഷാത്ക്കരിക്കാൻ ഞങ്ങൾ പൊതുലക്ഷ്യങ്ങൾ രൂപീകരിച്ചു. ഈ ലക്ഷ്യങ്ങൾ വിദ്യാലയത്തിന്റെ കാഴ്ചപ്പാടിന് അനുയോജ്യമാണെന്ന് തിരിച്ചറിഞ്ഞ് ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായി പ്രവർത്തനങ്ങൾ കണ്ടെത്തുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം

- പാഠ പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ശുചിത്വം, ദീനാനുകമ്പ, തുടങ്ങിയ മൂല്യങ്ങളും, മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേകം പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജിച്ചതിനെക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നെടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
- വായനശാല, ലബോറട്ടറി എന്നിവ ആധുനികവൽക്കരിക്കുക.
- കൗൺസിലിംഗ് സൈകര്യം ഉറപ്പാക്കൽ .
- സ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കൽ.
- കാർഷിക സംസ്ക്കാരം വളർത്തിയെടുക്കൽ.
- സ്കൂളുകളുടെ ഭൗതിക സൗകര്യം ആകർഷമാക്കൽ.

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാതകരിക്കപ്പെടുന്നു.

## മോണിട്ടറിംഗ് രീതി

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി, എസ്.ആർ.ജി എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കണം.
- ദൈനംദിന മോണിട്ടറിംഗ് ഹെഡ്മാസ്റ്റർ എസ്.ആർ.ജി. കൺവീനർ, പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.

## പൊതുലക്ഷ്യങ്ങൾ

മേഖല 1

പഠനബോധന തന്ത്രങ്ങൾ

പഠിതാക്കളുടെ ശേഷി വികസനവുമായി ബന്ധമുള്ള പ്രധാനപ്പെട്ട ഒരു മേഖലയാണ് പഠനബോധന തന്ത്രങ്ങൾ. കൃത്യമായ ആസൂത്രണവും, ഫലപ്രദമായ പഠനപശ്ചാതലമൊരുക്കലും, വ്യത്യസ്ഥങ്ങളായ പഠന തന്ത്രങ്ങളുടെ നിർവഹണവും, അധ്യാപികയുടെ വിഷയ പരിജ്ഞാനവും, കുട്ടികളുടെ പഠനശേഷിയെ സംബന്ധിച്ച ധാരണയും ഉണ്ടെങ്കിൽ മാത്രമാണ് ഉയർന്ന പഠനനില കൈവരിക്കാൻ കുട്ടികൾടക്ക് കഴിയൂ ഓരോ വിഷയവുമായി ബന്ധപ്പെട്ട് കുട്ടികൾ കൈവരിക്കേണ്ട പഠനനേട്ടങ്ങൾ ഉറപ്പുവരുത്താനുതകുന്നലക്ഷ്യങ്ങളും, പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു.

**വിഷയം മലയാളം**

ഇന്ന് മിക്ക വിദ്യാലയങ്ങളും നേരിടുന്ന ഒരു പ്രശ്നമണ് ഭാഷാപരമായ പിന്നോക്കാവസ്ഥ. ഈ പിന്നോക്കാവസ്ഥയ്ക്ക് ശാശ്വത പരിഹാരം കാണാൻ കഴിഞ്ഞെങ്കിലേ വിദ്യാലയത്തിന്റെ സമഗ്രവളർച്ച സാധ്യമാകു. ഈ പ്രശ്നത്തിൻമേൽ വിദ്യാലയം നിർണ്ണയിച്ച ലക്ഷങ്ങളും പ്രവർത്തനങ്ങളും ചുവടെ.

**ലക്ഷ്യയങ്ങൾ**

1. അക്ഷരങ്ങളും, ചിഹ്നങ്ങളും തിരിച്ചറിഞ്ഞ് വായിക്കാൻ കഴിയത്തക്കവധം എല്ലാവർക്കും എഴുത്തും വായനയും അറിയണം.
2. അമ്മ വായന
3. കുഞ്ഞു വായന
4. കുഞ്ഞെഴുത്ത്
5. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
6. വായനശാല അംഗത്വം എടുക്കൽ
7. എല്ലാ കുട്ടികളേയും പഠന മികവിലേക്ക് നയിക്കാൻ ചിത്രങ്ങളുടെ സാധ്യത ഉപയോഗപ്പെടു
   ത്തൽ
8. പഠനം സർഗ്ഗാത്മകമാക്കുന്നതിലൂടെ കുട്ടികളുടെ ഭാഷാശേഷികളും, പ്രതികരണശേഷിയും,
   ആത്മവിശ്വാസവും സർഗ്ഗാത്മക കഴിവുകളും വികസിപ്പിക്കുക.
9. കുട്ടികളുടെ പഠനമികവുകൾ പൊതുസമൂഹത്തെ ബോധ്യപെടുത്തുന്നതിലൂടെ വിദ്യാലയം മികവിന്റെ കേന്ദ്രമാണെന്ന് തിരിച്ചറിവുണ്ടാകുക.
10. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടേയുത്തിന്റെയും സാധ്യത കണ്ടെത്തുന്നു.
11. 11. ഭാഷയുമായി ബന്ധപ്പെട്ട വിവിധ സാഹിത്യസൃഷ്ടികൾ പരിചയപ്പെടുന്നു.

12. ഭാഷയുമായി ബന്ധപ്പെട്ട് C D, I C T സാധ്യത എന്നിവ സജ്ജീകരിക്കൽ.

13. ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ പറയുന്നതിനും എഴുതുന്നതിനുമുള്ള ശേഷി നേടുന്നതിന് പ്രാപ്തരാക്കുക.

## ICT സാധ്യത പരിഗണിച്ചുള്ള പ്രവർത്തനങ്ങൾ

ഭാഷാപഠനവുമായി ബന്ധപ്പെട്ട് ICT സാധ്യത പ്രയോജനപ്പെടുത്തി പഠനനേട്ടങ്ങൾ ഉറപ്പിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു.

- ഇ വായനയുടെ സാധ്യത കണ്ടെത്തുന്നു.
- വായന കൂട്ടത്തിന്റെയും, എഴുത്തുകൂട്ടത്തിന്റെയും, പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് അധ്യാപകരുടേയും CST യുടേയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരിക്കുന്നു.
- അധ്യാപകന്റെ പൂർണ്ണ പിന്തുണ ഉറപ്പുവരുത്തുന്നു.

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ

- പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി പ്രത്യേക പ്രവർത്തന പാക്കേജ് രൂപീകരിക്കുന്നു.
- പഠനനേട്ടങ്ങൾ ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ വർക്ക് ഷീറ്റുകൾ രൂപീകരിക്കുന്നു.
- BRC യിലെ റിസോഴ്സ് അധ്യാപകരുടെ സേവനം ഉറപ്പുവരുത്തുന്നു.
- ICT സാധ്യതകൾ ഉറപ്പുവരുത്തുന്നു.
- കുട്ടികളുടെ മികവുകളെ പ്രോത്സാഹിപ്പിക്കുന്നു
- പ്രത്യേകം പരിഗണന അർഹിക്കുന്ന കുട്ടികളുടെ പങ്കാളിത്തം അസംബ്ലിയിൽ ഉറപ്പുവരുത്തുന്നു.

## ഭാഷാപരമായി മികച്ച നിലവാരം പുലർത്തുന്ന കുട്ടികളെ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ

- സ്വതന്ത്ര രചനയിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നു.
- സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുന്നു.
- കൈയെഴുത്ത് മാസിക തയാറാക്കുന്നു.

**അമ്മ വായന / അമ്മ സാഹിത്യവേദി**

സ്കൂൾ ലൈബ്രറിയിൽ പുസ്തകം തെരഞ്ഞെടുക്കാൻ അമ്മമാർക്ക് അവസരം നൽകുന്നു. വായനക്കുറിപ്പ് തയ്യാറാക്കുന്നു. മികച്ച കുറിപ്പുകൾ പ്രോത്സാഹിപ്പിക്കുന്നു. അമ്മ സാഹിത്യവേദി രൂപീകരിക്കുന്നു.

## വിദ്യാരംഗം കലാ സാഹിത്യവേദി പ്രവർത്തനങ്ങൾ

- പാഠഭാഗവുമായി ബന്ധപ്പെട്ട വായന എഴുത്ത് എന്നിവ മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു.
- സ്കൂളിലേക്ക് സാഹിത്യകാരൻമാരെ ക്ഷണിക്കുന്നു.
- കടങ്കഥാമത്സരം, നാടൻപാട്ട് ശിൽപ്പശാല, ഭാഷാകേളികൾ, നാട്ടറിവുകൾ ന്നിവ സംഘടിപ്പിക്കുന്നു. ഇതിൽ പ്രാദേശിക വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തുന്നു.

## പ്രാദേശിക വിദ്ഗദ്ധർ

- ശ്രീ. ജോർജ് ജോർജ് നാടൻപാട്ട് കലാകാരൻ, ഗായകൻ, അധ്യാപകൻ.
- ശ്രീമതി തെന്മല പൊന്നി നാടൻപാട്ട് കലാകാരി.
- ശ്രീ. ഗോപാലൻ വൈദ്യൻ നാട്ടറിവുകൾ.

## ബാലസഭ രൂപീകരണം

- കുട്ടികളുടെ സർഗാത്മക കഴിവുകൾ ബാലസഭകളിൽ വികസിക്കുന്നു.
- ബാലസഭയുടെ നേതൃത്വത്തിൽ സ്കൂൾ റേഡിയോ ആരംഭിക്കുന്നു
- വിശ്രമവേളകളിൽ സ്കൂൾ റേഡിയോയിലൂടെ കുട്ടികൾ കലാപരിപാടികൾ സ്കൂൾ വാർത്ത എന്നിവ സംഘടിപ്പിക്കുന്നു.

## രചയിതാക്കളെ പരിചയപ്പെടൽ

- ഇത് സ്കൂൾ അസംബ്ലിയിലെ ഒരു ഇനമാകുന്നു. (മാസത്തിൽ 1)
- രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കുന്നു.
- രചനകൾ, സംഭാവനകൾ എന്നിവ പരിചയപ്പെടുത്തുന്നു.
- രചയിതാക്കളുമായി ബന്ധപ്പെട്ട ദിനാചരണങ്ങളുടെ പവർപോയിന്റ് പ്രസന്റേഷൻ നടത്തുന്നു.

### എഴുത്ത്

- കഥ പൂർത്തിയാക്കാൻ പ്രവർത്തനം നൽകുന്നു.
- കഥാ പുസ്തകം നൽകുന്നു. അത് കുട്ടികൾ വായിക്കുന്നു. വായനാക്കുറിപ്പ് തയ്യാറാക്കുന്നു.
- ചിത്രം നൽകി അടിക്കുറിപ്പ് പറയുന്നു, എഴുതുന്നു.

### വായന

- വായനാ കാർഡുകൾ തയ്യാറാക്കുന്നു.

- കാലാസ് വായനാക്കൂട്ടം രൂപീകരിക്കുന്നു.
- ക്ലാസ് ലൈബ്രറി ശക്തിപ്പെടുത്തുന്നു.
- ക്ലാസ് ലൈബ്രറി ഒരുക്കുന്നു.
- എന്റെ പിറനാൾ സമ്മാനം കുട്ടി തന്റെ ജന്മദിനത്തിന് ക്ലാസിലേക്ക് ഒരു ബിക്ക് സ മ്മാനം നൽകുന്നു.
- കാലാസിലെ മുഴുവൻ കുട്ടികളേയും 5 പേരടങ്ങുന്ന ഗ്രൂപ്പുകൾ ആക്കുന്നു. ഗ്രൂപ്പു കൾ പുസ്തകം തെരഞ്ഞെടുക്കുന്നു. വായനാകുറിപ്പുകൾ തയ്യാറാക്കുന്നു, വില യിരുത്തുന്നു.
- സ്കൂളിന് സമീപത്തെ മഹാത്മാഗാന്ധി ഗ്രന്ഥശാലയിൽ കുട്ടികൾക്ക് അംഗത്വം എടുപ്പിക്കുന്നു.
- വായനോത്സവം സംഘടിപ്പിക്കുന്നു.

ഘട്ടങ്ങൾ :- യോഗം സംഘടിപ്പിക്കൽ, അനുഭവം പങ്കിടൽ വായനാക്കുറിപ്പ്, ആ സ്വാദനക്കുറിപ്പ് എന്നിവയുടെ പ്രകാശനം വായിച്ച കൃതികളുടെ റംഗാവിഷക്കാരം നട ത്തുന്നു. കാവ്യകേളി അക്ഷരശ്ലോകമത്സരം മുതലായവ സംഘടിപ്പിക്കുന്നു. പ്രാദേശിക വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തുന്നു.

- പത്രവായന

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കുന്നു പത്രക്വിസ് സ്വയം വാർത്താതയാറാക്കൽ മുതലായവ സംഘടിക്കുന്നു.

- സ്വതന്ത്ര  വായനക്ക് അവസരം നൽകുന്നു
- കുറിപ്പുകൾ തയാറാക്കുന്നു.
- വായനോത്സവത്തിനു നേതൃത്വം നൽകുന്നു


- പത്രവായന

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കുന്നു പത്രക്വിസ് സ്വയം വാർത്താതയാറാക്കൽ മുതലായവ സംഘടിക്കുന്നു.

- സ്വതന്ത്ര  വായനക്ക് അവസരം നൽകുന്നു
- കുറിപ്പുകൾ തയാറാക്കുന്നു.
- വായനോത്സവത്തിനു നേതൃത്വം നൽകുന്നു

## പ്രവർത്തനങ്ങൾ

### മലയാളത്തിളക്കം

കുട്ടികളിലെ ഭാഷാപരമായപിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ പൊതു വിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ ഭാഗമായി നടന്നു വരുന്ന മലയാള തിക്കം എന്ന പദ്ധതി തുടർന്നും കാര്യക്ഷമമായി നടത്തുവാൻ ഞ്ങൾ തീരുമാനിച്ചു.

### പ്രവർത്തന രീതി

- ❖ പ്രീ ടെസ്റ്റ് നടത്തി പിന്നോക്കകാരെ കണ്ടെത്തുന്നു.
- ❖ അക്ഷരങ്ങളും, ചിഹ്നങ്ങളും ഉറപ്പിക്കാൻ അക്ഷര കാർഡുകൾ, വാക്കുകൾ എഴുതിയ കാർഡുകൾ എന്നിവ നിർമ്മിക്കുന്നു.
- ❖ അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കുന്നു.
- ❖ വാക്കുകളിലൂടെ വാക്യങ്ങൾ നിർമ്മിക്കുന്നു.

### അമ്മക്കൂട്ട്

ടീം ടീച്ചിങ്ങിന്റെ ഭാഗമായി അതിന്റെ സാധ്യത പ്രയോജനപ്പെടുത്തി ആവശ്യമായ സന്ദർഭ ങ്ങളിൽ അദ്ധ്യാപികക്കൊപ്പം അമ്മമാരും ക്ലാസ്റൂം പ്രവർത്തനഹ്ങളീൽ പങ്കാളികളാ കുന്നു.

### പ്രവർത്തന രീതി

- ❖ അമ്മക്കൂട്ട് പദ്ധതി രൂപീകരിക്കുന്നു.
- ❖ ഓരോ ക്ലാസിലേയും കുട്ടികളുടെ അമ്മമാരിൽ നിന്ന് കല, കായിക, പ്രവൃത്തിപരിച യമേഖലകളിൽ പ്രാവീണ്യം ഉള്ളവരും സന്നദ്ധതയുള്ളവരുമായ അമ്മമാരെ ഉൾപ്പെ ടുത്തി ക്ലാസ് സപ്പോർട്ടിംഗ് ടീം (CST) രൂപീകരിക്കുന്നു.
- ❖ ക്ലാസിൽ അധ്യാപിക ഇല്ലാത്ത അവസരത്തിൽ TTC / BEd യോഗ്യതയുള്ള അമ്മമാ രുടെ സേവനം ഉറപ്പുവരുത്തുന്നു.
- ❖ എല്ലാ വെള്ളിയാഴ്ചയും CST അംഗങ്ങൾ ക്ലാസ് തലത്തിൽ ഒത്തുകൂടുകയും ഒരാഴ്ച നടന്ന ക്ലാസ്റൂം പ്രവർത്തനങ്ങൾ അധ്യാപികയോടൊപ്പം വിലയിരുത്തുകയും ചെ യ്യുന്നു.

## പ്രവർത്തന വിശദാംശങ്ങൾ ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 | മലയാള തിളക്കം<br>പ്രീടെസ്റ്റ്<br>അക്ഷര കാർഡുകൾ<br>വാക്കുകലുടെ കാർഡുകൾ<br>രൂപീകരിക്കുന്നു<br>വാക്കുകളിലൂടെ വാക്യങ്ങൾ<br>സ്വതന്ത്ര വായന<br>ലേഖനം ആശയവിനിമയം<br>സാധ്യമാക്കുന്നു | ജൂൺ മുതൽ<br>മാർച്ച് വരെ | ഭാഷാ<br>അധ്യാപകർ | 1000 |
| 2,3,4 | അമ്മവായന<br>അമ്മക്കൂട്ട് സി.എസ് റ്റി രൂപീ<br>കരിക്കുന്നു | ജൂൺ മുതൽ<br>മാർച്ച് വരെ | ക്ലാസ്<br>അധ്യാപകർ | |
| | ക്ലാസ് വായനക്കൂട്ടം | | ക്ലാസ്<br>അധ്യാപകർ | |
| | അമ്മ സാഹിത്യ വേദി | | | |
| | പത്ര വായന | | | |
| | വായനോത്സവം | എല്ലാ ദിവ<br>സവും | | |
| | വായനക്കുറിപ്പ് | എല്ലാ ആഴ്<br>ചയും | | |
| 5,6 | ലൈബ്രറി ശാസ്ത്രീകരണം<br>സ്കൂൾ ലൈബ്രറി<br>കാലാലൈബ്രറി | ജൂൺ മുതൽ<br>മാർച്ച് വരെ | ക്ലാസ്<br>അധ്യാപകർ | |

## പ്രവർത്തന വിശദാംശങ്ങൾ ഭാഷ

| | | | | |
|---|---|---|---|---|
| | വായനശാലയിൽ അംഗത്വം എടുക്കൽ<br>എന്റെ പിറന്നാൾ സമ്മാനം<br>ചിത്രമതിൽ<br>ചിത്രത്തിന്റെ സഹായത്തോടെ പഠനം എളുപ്പമാക്കുന്നു.<br>ബാലസഭ രൂപീകരണം<br>സർഗ്ഗാത്മക കഴിവുകൾ വർദ്ധിപ്പിക്കുന്നു<br>സ്കൂൾ റേഡിയോ<br>സ്കൂൾ വാർവിദ്യാരംഗം<br>കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ<br>വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു<br>പ്രാദേശിക വിദ്ഗ്ദരുടെ സേവനം ഉറപ്പു വരുത്തുന്നു. | ആഴ്ചയിൽ ഒന്നു മാത്രം<br>മാസത്തിൽ ഒന്ന്<br>സെപ്റ്റംബർ | വിദ്യാരംഗം കൺവീനർ, അധ്യാപകർ<br>ഭാഷാധ്യാപകർ<br>ക്ലാസധ്യാപകർ | 5000<br>1000<br>3000 |

| ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം |
|---|---|---|
| കടങ്കഥ, നാടൻപാട്ട്, ശില്പശാല, ഭാഷാകേളി, നാട്ടറിവുകൾ എന്നിവ സംഘടിപ്പിക്കുന്നു<br>രചയിതാക്കളെ പരിചയപ്പെടുന്നു<br>അസംബ്ലിയിൽ രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കുന്നു<br>രചനകൾ സംഭാവനകൾ പരിചയപ്പെടുന്നു<br>രചയിതാക്കളുമായി ബന്ധപ്പെട്ട പവർപോയിന്റ് പ്രസന്റേഷൻ നടത്തുന്നു<br>ഐ.സി. റ്റി സാധ്യത പ്രയോജനപ്പെടുത്തൽ<br>ബ്ലോഗ് രൂപീകരണം | അമ്മക്കൂട്ട് (സി.എസ്.റ്റി രൂപീകരണം)<br>ബാലസഭ രൂപീകരണം<br>സ്കൂൾ റേഡിയോ<br>കുട്ടി വാർത്ത<br>(ദിവസവും) | നിറം<br>ചിത്രമതിൽ<br>ചിൽഡ്രൻസ് പാരഡൈസ്<br>ടാലന്റ് ലാബ് |

<u>വിഷയം ഇംഗ്ലീഷ്</u>

ലോക ഭാഷയായ ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം ഉയർത്താതെ പൊതു വിദ്യാലയങ്ങൾക്ക് മുന്നോട്ട് പോകാൻ കഴിയില്ല എന്ന സത്യം തിരിച്ചറിഞ്ഞ് ഇംഗ്ലീഷ് ഭാഷാശേഷി വികസനത്തിനായി വിവിധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഞങ്ങൾ തീരുമാനിച്ചു. രക്ഷിതാക്കളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് എല്ലാ ക്ലാസിലേയും ഒരു ഡിവിഷൻ വീതം ഇംഗ്ലീഷ് മീഡിയം പ്രവർത്തിക്കുന്നു. ഇംഗ്ലീഷ് ഭാഷാശേഷി വികസനത്തിന് വേണ്ടി ഞങ്ങൾ നിർണയിച്ച ലക്ഷ്യങ്ങളും അവ പൂർത്തീകരിക്കാൻ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളും താഴെ കൊടുക്കുന്നു.

<u>ലക്ഷ്യങ്ങൾ</u>

1. കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം മാറ്റി താൽപര്യം ജനിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
2. ഇംഗ്ലീഷ് ഭാഷ പ്രയാസം കൂടാതെ കുട്ടികൾക്ക് കൈകാര്യം ചെയ്യാൻ കഴിയുന്നു.
3. ഒഴുക്കോടും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനും കേട്ട് മനസിലാക്കുവാനും ഉള്ള കഴിവ് വളർത്തുന്നു.
4. ഇംഗ്ലീഷ് ഭാഷയിൽ മികച്ച രീതിയിലുള്ള വായനാശീലം.
5. എഴുത്തിലുള്ള പ്രാവീണ്യം വർദ്ധിപ്പിക്കുന്നു.

6. പാഠ പുസ്തകത്തിനപ്പുറത്തേക്കുള്ള പഠനാന്തരീക്ഷം ഒരുക്കുന്നു.

7. പൊതു വിദ്യാലയത്തിലെ കുട്ടികൾ പരസ്യയമായി പൊതു സമൂഹത്തോട് സംവദിക്കുന്നു.

8. ഇംഗ്ലീഷ് പഠിക്കാൻ അൺ എയ്ഡഡ് വിദ്യലയങ്ങളെ ആശ്രയിക്കുന്നവരെ പൊതു വിദ്യാലയത്തിലെക്കാകർഷിക്കുന്നു.

പ്രവർത്തനങ്ങൾ

1. അവസ്ഥാ പഠനം

ഓരോ ക്ലാസിലയും പഠനനേട്ടങ്ങളുമായി ബന്ധപ്പെടുത്തി പ്രീടെസ്റ്റ് നടത്തുന്നു. പോരായ്മകൾ കണ്ടെത്തുന്നു. ഹലോ ഇംഗ്ലീഷിന്റെ ചുവട് പിടിച്ച് പരിഹാരബോധനം നൽകുന്നു.

വർക്ക് ഷീറ്റ് രൂപീകരണം

ഓരോ ക്ലാസിലേയും ഇംഗ്ലീഷ് പാഠപുസ്തകത്തിനോട് യോജിച്ച് പോകുന്ന വർക്ക് ഷീറ്റുകൾ കണ്ടെത്തുന്നു. എസ്. ആർ. ജി യിൽ ക്രോഡീകരിക്കുന്നു. പാഠഭാഗങ്ങളുമാ.ി ബന്ധപ്പെടുത്തി തുടർ പ്രവർത്തനങ്ങൾ എന്ന നിലയിൽ കുട്ടികൾക്ക് സ്വന്തമായി ചെയ്യീൻ കഴിയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. വർക്ക് ഷീറ്റ് രൂപീകരണത്തിനായി ശില്പശാലകൾ സംഘചിപ്പിക്കുന്നു. ഇതിനായി ബി. ആർ. സി യുടെ പിന്തുണ സംവ്ധാനങ്ങൾ ഉറപ്പാക്കുന്നു.

3. ഇംഗ്ലീഷ് ലാംഗ്വേജ് ലാബിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നു.

ആശ്രയ വിനിമയ സാധ്യതകൾ പരിചയപ്പെടുത്തുന്നു. ഉച്ചാരണം മെച്ചപ്പെടുത്തുന്നു. സ്പോക്കൺ ഇംഗ്ലീഷ് സംഘടിപ്പിക്കുന്നു. എ. സി.റ്റി സാദ്ധ്യത പ്രയോജനപ്പെടുത്തി പഠനനേട്ടം ഉറപ്പു വരുത്തുന്നു.

4. ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.

ഇംഗ്ലീഷ് സാഹിത്യകാരൻമാരുടെ ജന്മദിനവുമായി ബന്ധപ്പെട്ട് അവരുടെ കൃതികൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. ഐ.സി.റ്റി സാദ്ധ്യതകൾ പരിചയപ്പടുത്തുന്നു.

5. ഇംഗ്ലീഷ് ഡേ

എല്ലാ ആഴ്ചയിലേയും വെള്ളിയാഴ്ച ഇംഗ്ലീഷ് ദിനമായി ആചരിക്കുന്നു. അന്നേ ദിവസം കുട്ടികളും അദ്ധ്യാപകരും പരമാവധി ഇഗ്ലീഷ് ഭാഷയിൽ തന്നെ ആശയവിനിമയം നടത്തുന്നു. ഇംഗ്ലീഷുമായി ബന്ധപ്പെട്ട് 2023 മാർച്ച് ആകുമ്പോഴേക്കുംക്ലാസ് തലത്തിൽ പ്രതീക്ഷിക്കുന്ന മികവുകൾ.

സ്റ്റാൻഡേർഡ് 1

വായനാകാർഡുകൾ വായിക്കുന്നു.

ചെറിയ കഥകൾ വായിക്കുന്നു

തന്നെ കുറിച്ചും മറ്റ് ചെറിയ വിഷയവുമായി ബന്ധപ്പെട്ടും കുട്ടിയെ സ്വന്തമായി സംസാരിക്കാൻ പ്രാപ്തരാക്കുന്നു. ചിത്രത്തെ ആസ്പദമാക്കി ഒന്നോ രണ്ടോ വാചകങ്ങളിൽ സംസാരിക്കാൻ പ്രാപ്തമാക്കുന്നു.

സ്റ്റാൻഡേർഡ് 2

കുട്ടിക്കവിതകൾ പൂർത്തിയാക്കുന്നു.

ഏതെങ്കിലും പ്രത്യേക വിഷയത്തെക്കുറിച്ച് പറയുന്നു. എഴുതുന്നു.

ചെറിയ വിവരണങ്ങൾ, കുറിപ്പുകൾ എഴുതുവാൻ പഠിക്കുന്നു.

ഇംഗ്ലീഷിൽസ്വന്തമായി കടങ്കഥ ഉണ്ടാക്കാൻ പ്രാപ്തരാക്കുന്നു.

സ്റ്റാൻഡേർഡ് 3

സ്വന്തമായി വായിക്കുന്നുകവിതകളും കഥകളും പൂർത്തീകരിക്കുന്നു.

ഇംഗ്ലീഷിൽ ചെറിയ പ്രഭാഷണം നടത്തുന്നു.

ചെറിയ സ്കിറ്റുകൾ ചെയ്യുന്നു.

സ്റ്റാൻഡേർഡ് 4

സ്വന്തമായി വായിക്കുന്നു, എഴുതുന്നു.

സ്വതന്ത്രമായി ലഘുപ്രഭാഷണങ്ങൾ പറയുന്നു, എഴുതുന്നു.

ഇംഗ്ലീഷ് പത്രവാർത്ത തയ്യാറാക്കി അവതരിപ്പിക്കുന്നു.

ഒരു വിഷയം നൽകിയാൽ അതിനെ കുറിച്ച് സംസാരിക്കുവാൻ പ്രാപ്തമാക്കുന്നു.

ഇംഗ്ലീഷ് ഫെസ്റ്റ്

അധ്യയന വർഷാവസാനത്തിൽ സാമൂഹ്യപങ്കാളിത്തത്തോടെ ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു.

പഞ്ചായത്തിന്റെ സഹകരണം ഉറപ്പു വരുത്തുന്നു. ബി.ആർ.സിയിലെ എല്ലാ എൽ.പി, യു.പി സ്കൂളുകളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നു. ഇംഗ്ലീഷ് ഫെസ്റ്റിൽ മികച്ച നിലവാരം പുലർത്തുന്ന കുട്ടികൾക്കും വിദ്യാലയങ്ങൾക്കും പുരസ്കാരം നൽകുന്നു.

പ്രവർത്തന വിശദാംശങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| 1,2 | അവസ്ഥാ പഠനം.<br>പോരായ്മ കണ്ടെത്തുന്നു.<br>പരിഹാരബോധ വർക്ക്ഷീറ്റ് രൂപീകരണം<br>എസ്.ആർ.ജിയിൽ ചർച്ച.<br>പാഠഭാഗവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ കണ്ടെത്തുന്നു, ക്രോഡീകരിക്കുന്നു.<br>വർക്ക്ഷീറ്റ് രൂപീകരണത്തിന് ശില്പശാലകൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ ജൂലൈ വരെ | ഇംഗ്ലീഷ് ക്ലബ് അധ്യാപകർ | 2000 |
| 3 | ഇഗ്ലീഷ് ലാംഗ്വേജ് ലാബ് ആശയവിനി | ജൂൺ - | ഇംഗ്ലീഷ് | 3000 |

| | | | | |
|---|---|---|---|---|
| | മയ സാധ്യത കണ്ടെത്തുന്നു.<br>ഉച്ചാരണം മെച്ചപ്പെടുത്തുന്നു. | മാർച്ച് | അധ്യാപകർ, ഐ.ടി കോർ ഡിനേറ്റർ | |
| 4 | ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.<br>ഇംഗ്ലീഷ് സാഹിത്യകാരൻമാരുടെ ജന്മ ദിനവുമായി ബന്ധപ്പെട്ട് അവരുടെ കൃതികൾ പരിചയപ്പെടുത്തുന്നു.<br>ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ | 500 |
| 5 | ഇംഗ്ലീഷ് ഡേ | ആഴ്ചയിൽ ഒരു ദിവസം | എല്ലാ അധ്യാപകരും | 500 |
| 6 | എല്ലാ വെള്ളിയാഴ്ചയും അന്നേ ദിവസം കുട്ടികളും അധ്യാപകരും ആശയവിനിമയത്തിന് ഇംഗ്ലീഷ് മാത്രം ഉപയോഗിക്കും.<br>ഇംഗ്ലീഷ് അസംബ്ലി എല്ലാ ബുധനാഴ്ചയും. എല്ലാ ക്ലാസിനും അവസരം.<br>എല്ലാ വെള്ളിയാഴ്ചയും 1.15 മുതൽ 2.00 വരെ ഇംഗ്ലീഷ് ബാലസഭ | എല്ലാ ബുധനാഴ്ചയും | എല്ലാ അധ്യാപകരും | 500 |
| 7 | വായന, ക്ലാസ്തല പ്രവർത്തനങ്ങൾ രൂപീകരിക്കുന്നു.<br>വായനാ കാർഡുകൾ നിർമ്മിക്കുന്നു.<br>ക്ലാസ്തല ലൈബ്രറിയിൽ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഒരുക്കുന്നു.<br>തുടർ വായനയ്ക്കുള്ള പ്രവർത്തനങ്ങൾ ക്ലാസിൽ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ | 500 |
| 8 | എഴുത്ത് എസ്.ആർ.ജിയിൽ ചർച്ച<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പോസ്റ്റർ<br>ചുമർ പത്രിക തയ്യാറാക്കൽ<br>ലേഖന സാധ്യതയുള്ള വർക്ക് ഷീറ്റ് | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ, സി.എസ്.റ്റി അംഗങ്ങൾ | 500 |

| | | | | |
|---|---|---|---|---|
| | നിർമ്മാണം<br>ചിത്രത്തിന് അടിക്കുറിപ്പ് തയ്യാറാക്കൽ | | | |
| 9 | ഇംഗ്ലീഷ് ഫെസ്റ്റ്<br>അധ്യയന വർഷാവസാനം<br>പഞ്ചായത്ത് സഹകരണം ഉറപ്പു വരുത്തുന്നു.<br>ബി.ആർ.സി, എൽ.പി, യു.പി സ്കൂളുകൾ പങ്കെടുക്കുന്നു. പുരസ്കാരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം, പി.ടി.എ, സി.എസ്.ടി, പഞ്ചായത്ത്, എല്ലാ അധ്യാപകരും. | |

9. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്തുവാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നു.

10.ലക്ഷ്യമാക്കുന്ന ഗണിത പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുന്നു.

പ്രവർത്തനങ്ങൾ

മാജിക് മാത്സ്

ക്ലാസ്സ് തലത്തിൽ പഠനനേട്ടങ്ങൾ ലിസ്റ്റ് ചെയ്യുന്നു.

അവസ്ഥാ പഠനം നടത്തി മികവുകളും പോരായ്മകളും കണ്ടെത്തുന്നു.

സംഖ്യാ ബോധം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

സംഖ്യാഗാനങ്ങൾ നൽകുന്നു.

സംഖ്യകൾക്കനുസരിച്ച് ചിത്രങ്ങൾ വരച്ച് സംഖ്യാകാർഡ് നൽകുന്നു.

ഉല്ലാസ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു.

ഗണിതത്തിന്റെ അടിസ്ഥാന ശേഷികൾ

സങ്കലനം, വ്യവകലനം, ഗുണനം, ആരോഹണക്രമം, അവരോഹണക്രമം, ചെറിയ സംഖ്യ, വലിയസംഖ്യ തുടങ്ങിയവ ഉൾപ്പെടുത്തുന്നു.

ഗണിത ശില്പശാലകൾ

സ്കൂൾ തലത്തിൽ ഗണിത ശില്പശാലകൾ സംഘടിപ്പിക്കുന്നു.

ബി.ആർ.സി, ഡയറ്റ് എന്നിവരുടെ സേവനം ഉറപ്പു വരുത്തുന്നു.

ഐ.സി.റ്റി സാദ്ധ്യത

ഗണിത പഠനത്തിന് ഐസിറ്റി സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു.

ഐ. സി.റ്റി സാധ്യത ഉപയോഗിച്ച് കുട്ടികൾ വിവിധ ഗണിതകേളികളിൽ ഏർപ്പെടുന്നു.

പാറ്റേണുകൾ നിർമ്മിക്കുന്നു.

ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുന്നു.

വിലവിവരപട്ടിക തയ്യാറാക്കുന്നു.

പരിസ്ഥിതി ഗണിതം

പരിസ്ഥിതിയുമായി ബന്ധപ്പെടുത്തി ഗണിതപഠനം രസകരമാക്കുന്നു.

കൃഷിയുമായി ബന്ധപ്പെടുത്തി ചെയ്യാവുന്ന പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു.

വിവിധ തരത്തിലുള്ള പച്ചക്കറികൾ സ്കൂൾ പരിസരത്ത് നടുന്നു.

ഗണിതാധ്യാപക ശാക്തീകരണം

എസ്.എസ്.എ നൽകുന്ന അധ്യാപക ശാക്തീകരണ പരിപാടികളിൽ പങ്കെടുത്ത് നൂതന ആശയങ്ങൾ രൂപീകരിക്കുന്നു.

എസ്.ആർ.ജി.യിൽ ചർച്ച ചെയ്ത് പ്രവർത്തനങ്ങൾ രൂപീകരിക്കുന്നു.

ഗണിതാശയങ്ങൾ രസകരമായി കുട്ടിലെത്തിക്കാനുള്ള കളികൾ, പാട്ട്, പഠനോപകരണങ്ങൾ തുടങ്ങിയവ കണ്ടെത്തുന്നു.

## വിഷയം -പരിസരപഠനം

ഓരോ കുട്ടിയും സാമൂഹ്യപുരോഗതിയിൽ തൻരേതായ പങ്ക് വഹിക്കുന്നുണ്ട്. ഇന്നത്തെ തലമുറ പ്രകൃതിയെ അറിയാതെ വളരുന്നതിന്റെ ദൂഷ്യവശങ്ങൾ തിരിച്ചറിഞ്ഞ് കുട്ടികലെ പ്രകൃതിക്ക് അനുരൂപമാക്കി വളർത്തണം. മൂല്യബോധമുള്ള, സമൂഹത്തിന്റെ നന്മയെ തിരിച്ചറിയുന്ന, സാമൂഹ്യ പ്രതിബദ്ധതയുള്ള കുട്ടികളായി വളർത്തിയെടുക്കാനാണ് നാം ശ്രമിക്കേണ്ടത്. ശ്രമിക്കുന്നതും അതുതന്നെ. പഠന-പഠനാനുബന്ധ പ്രവർത്തനങ്ങളിലും മികവ് പുലർത്തി മികച്ച വ്യക്തിത്വത്തിന് ഉടമയാക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

### ലക്ഷ്യങ്ങൾ

1. പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുന്നു.
2. ചുറ്റുപാടും (കാമ്പസ്) പാഠപുസ്തകമാക്കുന്നതിലൂടെ പ്രകൃതിപഠനം സാധ്യമാക്കുന്നു.
3. പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാലയം കുട്ടികൾക്ക് മാതൃകയാകുന്നു.
4. കുട്ടികളിൽ ശാസ്ത്രബോധം വളർത്തിയെടുക്കുന്നു.
5. കുട്ടികൾ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
6. ദിനാചരണങ്ങൾ പ്രവർത്തനാധിഷ്ഠിത പരിപാടികളാക്കി പഠനനേട്ടങ്ങൾ സ്വായത്തമാക്കാൻ

   കുട്ടികളെ പ്രാപ്തരാക്കുന്നു. 7. ചുറ്റുപാടുമുള്ള ചരിത്രപ്രാധാന്യമുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നു.
8. നാടിന്റെ ചരിത്രവും സാംസ്കാരിക പൈതൃകവും അറിയുന്നതിന് കുട്ടികളെ സഹായിക്കുന്നു.
9. കൃഷി, തൊഴിലുകൾ എന്നിവയോട് ആഭിമുഖ്യം വളർത്തുന്നു.
10. പ്രകൃതി വിഭവങ്ങളേയും സാംസ്കാരിക പൈതൃകത്തേയും പരിപോഷിപ്പിക്കാനുള്ള മനോഭാവം കുട്ടികളിൽ വളർത്തുന്നു.
11. ഐ.സി.റ്റി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

### പ്രവർത്തനങ്ങൾ

#### പരിസ്ഥിതി ദിനം

ജൂൺ- 5 പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് സ്കൂൾ വളപ്പിൽ വൃക്ഷങ്ങൾ നടുന്നു.
കുട്ടികളുടെ വീട്ടു പരിസരത്തും വൃക്ഷ തൈകൾ നടുന്നു.
നട്ട വൃക്ഷ തൈകളെ പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടരാൻ നിർദ്ദേശം നൽകുന്നു.

## ജൈവ വൈവിധ്യ ഉദ്യാനം

കാമ്പസ് പുസ്തകമാക്കുന്നതിലൂടെ പ്രകൃതി പഠനം സാധ്യമാക്കുന്നു.

ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കാൻ സ്കൂൾ വളപ്പിൽ സ്ഥലമൊരുക്കുന്നു.

1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട സസ്യങ്ങൾ പട്ടികപ്പെടുത്തുന്നു. നിലം ഒരുക്കി ചെടികൾ നടുന്നു. കൃഷ്ണ കിരീടം, നിശാഗന്ധി, ജമന്തി മുതലായ പുഷ്പങ്ങൾ ധാരാളം ശലഭങ്ങളെ ആകർഷി ക്കുന്നതിനാൽ ജൈവവൈവിധ്യ ഉദ്യാനം ശലഭോദ്യാനം കൂടി ആയി മാറുന്നു. സസ്യങ്ങളെ വേര് മുളച്ച്, വിത്ത് പാകി, കമ്പ് നട്ട്, ഇല മുളച്ച് ഉണ്ടാകുന്നവയെ തരംതിരിച്ച് നടുന്നു. സസ്യത്തിന്റെ വേര്, ശാസ്ത്രീ നാമം, ജീവിതകാല ദൈർഘ്യം, ഉപയോഗം എന്നിവ നൽകുന്നു. എല്ലാ ദിവസവും സംരക്ഷിക്കുവാനുള്ള സമയം നിശ്ചയിക്കുന്നു. ഉദ്യാനത്തിന് ചുറ്റും ജൈവ വേലി കെട്ടി സംരക്ഷിക്കുന്നു.

## പ്ലാസ്റ്റിക് മുക്ത വിദ്യാലയം

പ്ലാസ്റ്റിക്കിനെ പൂർണ്ണമായി വിദ്യാലയത്തിൽ നിന്ന് പുറത്താക്കുന്നു.

പ്ലാസ്റ്റിക് വാട്ടർ ബോട്ടിലുകൾ നിർത്തി പകരം സ്കൂളിൽ നിന്ന് കുടിവെള്ളം നൽകുന്നു.

അധ്യാപകർ പ്ലാസ്റ്റിക് പേനകൾക്ക് പകരം മഷിപേനകൾ ഉപയോഗിക്കുന്നു.

സ്കൂളുകളിൽ നടക്കുന്ന ആഘോഷ അവസരങ്ങളിൽ പ്ലാസ്റ്റിക്/ പേപ്പർ ഗ്ലാസ്സുകൾ/പേപ്പർ/ തെർമ്മോകോൾ പ്ലേറ്റുകൾ പൂർണ്ണമായും ഒഴിവാക്കുന്നു.

സ്റ്റീൽ ഗ്ലാസ്സുകൾ പ്ലേറ്റുകളും ഉപയോഗിക്കുന്നു.

പ്ലാസ്റ്റിക് കവറുകൾ, ടിഫിൻ ബോക്സുകൾ എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നു.

## മാലിന്യരഹിത വിദ്യാലയം

അടുക്കളയും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നു.

കുട്ടികളുടെ ഭക്ഷണാവശിഷ്ടങ്ങളും മറ്റ് മാലിന്യങ്ങളും കംപോസ്റ്റ് കുഴിയിൽ തന്നെ നിക്ഷേപിക്കുന്നു.

പരിസര ശുചിത്വവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ വിദ്യാലയത്തിന്റെ വിവിധ ഭാഗങ്ങളിൽ പതിക്കുന്നു.

ഭക്ഷണം പാഴാക്കാതെ ശ്രദ്ധിക്കുന്നു.

ടാപ്പുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നു.

ഓഫീസ്, ക്ലാസ്മുറി, വരാന്ത എന്നിവ എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്നു.

## ശാസ്ത്ര കൗതുകം- ലഘു പരീക്ഷണങ്ങൾ

പരീക്ഷണങ്ങളുമായി ബന്ധപ്പെട്ട് ക്ലാസ് തലത്തിൽ പട്ടിക തയ്യാറാക്കുന്നു.

അതിനായി ആവശ്യമുള്ള സാമഗ്രികൾ ലിസ്റ്റ് ചെയ്യുന്നു.

മാസത്തിൽ 2 വീതം ലഘു പരീക്ഷണങ്ങൾ സംഘടിപ്പിക്കുന്നു.

കുട്ടികളെ അതിനായി തയ്യാറാക്കുന്നു

## പ്രവർത്തനാധിഷ്ഠിതമായ ദിനാചരണങ്ങൾ

പരിസര പഠനവുമായിബന്ധമുള്ള ദിനാചരണങ്ങൾ അതിന്റെ പ്രാധാന്യത്തോടു കൂടി സംഘടിപ്പിക്കുന്നു.

1. പരിസ്ഥിതിദിനം
2. ചാന്ദ്രദിനം
3. തപാൽദിനം
4. ഹിരോഷിമദിനം
5. പോസ്റ്റൽ ദിനം
6. നാഗസാക്കി ദിനം
7. സ്വാതന്ത്ര്യ ദിനം
8. റിപ്പബ്ലിക് ദിനം
9. ശിശുദിനം

ദിനാചരണങ്ങളുടെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

റാലി

പോസ്റ്റർ നിർമ്മാണം

ചുമർപത്രിക

വൃക്ഷത്തൈ നടീൽ, വിതരണം

പതാക നിർമ്മാണം

പതിപ്പ് തയ്യാറാക്കൽ

ക്വിസ്

പോസ്റ്റാഫീസ് സന്ദർശനം

ഓണം, ക്രിസ്തുമസ് തുടങ്ങിയ ദേശീയ ആഘോഷങ്ങളും വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു.

## നാട്ടറിവ്

ചുറ്റുപാടുമുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു.

ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ ലിസ്റ്റ് ചെയ്യുന്നു.

പുനലൂർ - തൂക്കുപാലം

തെന്മല- ഇക്കോടൂറിസം

ശലഭപാർക്ക്

പരപ്പാർ ഡാം

ഒറ്റക്കൽ ലുക്കൗട്ട്

13 കണ്ണറപാലം

മണ്ണടി

വേലുത്തമ്പിദളവാ സ്മാരകം

കോട്ടുക്കൽ ഗുഹാക്ഷേത്രം

ചടയമംഗലം ജഡായുപാറ

കുര്യോട്ടുമല ഡയറിഫാം

ചെറുകിട വ്യവസായ യൂണിറ്റുകൾ

ആഗ്രോ ഫ്രൂട്സ്- പുനലൂർ

കിൻഫ്രാ- അടൂർ

ചവറ- ടൈറ്റാനിയം

കൊല്ലം- തങ്കശ്ശേരി വിളക്കുമാടം

ഒരു വർഷം സന്ദർശിക്കേണ്ട സ്ഥലങ്ങൾ കണ്ടെത്തുന്നു. തീയതി നിശ്ചയിച്ച് സന്ദർശനം നടത്തുന്നു.

കണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി ഡയറിക്കുറിപ്പ് എഴുതുന്നു.

എന്റെ നാട്ടിലെ പൊതുസ്ഥലങ്ങൾ

വിളക്കുടി പഞ്ചായത്ത് പരിധിയിൽ വരുന്ന പൊതു സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രവർത്തനം മനസിലാക്കുന്നു.

കൃഷിഭവൻ

പഞ്ചായത്താഫീസ്

തപാലാഫീസ്

റെയിൽവേ സ്റ്റേഷൻ

ബാങ്ക്

തിരിച്ച് പിടിക്കാം- കാർഷിക സംസ്കാരം

സമീപത്തുള്ള പ്രധാന കൃഷിയിടങ്ങൾ

സന്ദർശിക്കുന്നു.

കാർഷിക വിളകളും കൃഷിരീതികളും പരിചയപ്പെടുന്നു.

കൃഷി പതിപതിപ്പ് തയ്യാറാക്കുന്നു.

( ചൊല്ലുകൾ, കടംകഥകൾ, വായ്ത്താരികൾ, കൃഷിരീതികൾ ഇവ ഉൾപ്പെടുത്തി.)

പഴയകാല കാർഷിക ഉപകരണങ്ങളും വീട്ടുപകരണങ്ങളും ഉൾപ്പെടുത്തി സ്കൂളിൽ ഒരു ലഘു പ്രദർശനം സംഘടിപ്പിക്കുന്നു. "പഴമയുടെ വിസ്മയം".

നാട്ടിലെ അറിയപ്പെടുന്ന കർഷകനുമായി അഭിമുഖം നടത്തുന്നു.

ഐ.സി.റ്റി സാദ്ധ്യത

ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തി പ്രകൃതിയെ കൂടുതൽ അറിയുന്നു.

നാടൻ കലാരൂപങ്ങൾ പരിചയപ്പെടുന്നു.

ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, മഹാൻമാർ, വസ്തുക്കൾ എന്നിവ പരിചയപ്പെടുന്നു.

| ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം |
|---|---|---|
| വൃക്ഷത്തൈ നടീൽ<br>ദിനാചരണങ്ങൾ<br>എന്റെ നാട്ടിലെ പൊതുസ്ഥാപനങ്ങൾ സന്ദർശിക്കുന്നു.<br>തിരിച്ചു പിടിക്കാം കാർഷിക സംസ്കാരം<br>"പഴമയുടെ വിസ്മയം"<br>സയൻസ് ഫെസ്റ്റ് | ശാസ്ത്രകൗതുകം<br>ലഘുപരീക്ഷണങ്ങൾ<br>ICT സാധ്യത പരിഗണിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ | വൃക്ഷത്തൈ പരിപാലനം<br>ജൈവവൈവിധ്യ ഉദ്യാനം<br>പ്ലാസ്റ്റിക് മുക്ത വിദ്യാലയം<br>മാലിന്യ മുക്ത വിദ്യാലയം<br>ബയോഗ്യാസ് പ്ലാന്റ്<br>നാട്ടറിവ്<br>പഠനയാത്ര |

## പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള പ്രവർത്തനം

| വിഷയം | പ്രവർത്തനം |
|---|---|
| മലയാളം | പ്രത്യേക വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.<br>പഠനനേട്ടവുമായി ബന്ധപ്പെട്ട ആകർഷകമായ ചിത്രങ്ങൾ ശേഖരിച്ച് നൽകുന്നു.<br>അടിക്കുറിപ്പ് നൽകുന്നു.<br>പരമാവധി ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തുന്നു.<br>മലയാളത്തിളക്കം, ശ്രദ്ധ തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തുന്നു.<br>ബി.ആർ.സി യിലെ ഐ.ഇ.ഡി അധ്യാപകരുടെ സേവനം ഉറപ്പുവരുത്തുന്നു. |
| ഇംഗ്ലീഷ് | അവസ്ഥാ പഠനം നടത്തുന്നു.<br>ഹലോ ഇംഗ്ലീഷ് പ്രവർത്തനം നൽകുന്നു.<br>പ്രത്യേക വർക്ക് ഷീറ്റുകൾ, വർക്ക് ഷീറ്റുകൾ, ആകർഷകമായ ചിത്രങ്ങൾ ഇവ തയ്യാറാക്കുന്നു.<br>പരമാവധി ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തുന്നു.<br>ഇംഗ്ലീഷ് അസംബ്ലിയിൽ ഇവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.<br>ഇംഗ്ലീഷ് ലാംഗ്വേജ് ലാബിന്റെ സഹായത്താൽ വൊക്കാബുലറി, പ്രൊനൗൺസിയേഷൻ എന്നിവ മെച്ചപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ ഉറപ്പു വരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ നിർമ്മിച്ച് ഉപയോഗിക്കുന്നു.<br>ബാലസഭയിൽ ഈ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തി പ്രോത്സാഹിപ്പിക്കുന്നു. |
| | |

| | |
|---|---|
| ഗണിതം | അവസ്ഥാപഠനം<br>സംഖ്യാബോധം ഉറപ്പു വരുത്തുന്നു.<br>പ്രത്യേക വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.<br>നിത്യജീവിതവുമായി ബന്ധപ്പെടുത്തി പ്രായോഗികപ്രശ്നങ്ങൾ അവതരിപ്പിക്കുന്നു.<br>പ്രായോഗിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സന്ദർഭങ്ങൾ ക്ലാസിൽ സൃഷ്ടിക്കുമ്പോൾ ഈ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.<br>ഐ.സി.റ്റി സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു.<br>ഗണിതകിറ്റുകൾ സജ്ജീകരിക്കുന്നു.<br>ഗണിതകേളികളിൽ പങ്കാളികളാകുന്നു. |
| പരിസരപഠനം | പഠനവിമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പരമാവധി നേരനുഭവങ്ങൾ നൽകുന്നു.<br>ഐ.സി.റ്റി.സാധ്യത പ്രയോജനപ്പെടുത്തുന്നു.<br>ആശയപ്രകടനത്തിനുള്ള അവസരം നൽകുന്നു.<br>ലഘു പരീക്ഷണങ്ങളിൽ പങ്കാളികളാകുന്നു.<br>പരിസ്ഥിതി സംരക്ഷണം, ജൈവ വൈവിധ്യ ഉദ്യാനം ഇവയുമായി ബന്ധപ്പെട്ട് ചുമതലകൾ നൽകുന്നു. |

<u>സവിശേഷ മികവ് പുലർത്തുന്നവർക്കുള്ള പ്രവർത്തനങ്ങൾ</u>

| | |
|---|---|
| മലയാളം | പ്രത്യേക നിലവാരമുള്ള വർക്ക് ഷീറ്റുകൾ രൂപീകരിക്കുന്നു.<br>അധിക വായനക്കുള്ള പുസ്തകങ്ങൾ കണ്ടെത്തി നൽകുന്നു.<br>വായനാക്കുറിപ്പുകൾ തയ്യാറാക്കുന്നു.<br>സ്വന്തമായി സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുന്നു.<br>വായന, എഴുത്ത് കൂട്ടങ്ങൾക്ക് നേതൃത്വം നൽകുന്നു. |
| ഇംഗ്ലീഷ് | വർക്ക് ഷീറ്റുകൾ നിർമ്മിക്കാൻ അവസരം നൽകുന്നു.<br>കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള വർക്ക് ഷീറ്റുകൾ അധ്യാപിക നൽകുന്നു.<br>കഥ, കവിത ഇവ പൂർത്തിയാക്കാൻ അവസരം നൽകുന്നു.<br>ലഘുപ്രഭാഷണങ്ങൾ പറയുന്നു, സ്വന്തമായി എഴുതുന്നു.<br>ഐ.സി.റ്റി സാധ്യത ഉപയോഗിച്ച് മെച്ചപ്പെട്ട് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. |
| ഗണിതം | കുട്ടികൾ സ്വന്തമായി വർക്ക്ഷീറ്റുകൾ രൂപീകരിക്കുന്നു.<br>പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>സ്വന്തമായി വിവിധ പാറ്റേണുകൾ നിർമ്മിക്കുന്നു. |

| | |
|---|---|
| | മാന്ത്രിക ചതുരം നിർമ്മിക്കുന്നു.<br>ഗണിതോത്സവത്തിൽ അവർ നിർമ്മിച്ച പാറ്റേണുകൾ മാതൃകകൾ എന്നിവ പ്രദർശിപ്പിക്കുവാനും സമൂഹത്തിന് അവ പരിചയപ്പെടുത്തുവാനുമുള്ള അവസരം നൽകുന്നു.<br>ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തി ഗണിത കേളികളിൽ, വിലവിവര പട്ടിക മുതലായവ തയ്യാറാക്കുന്നു. |
| പരിസരപഠനം | പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് മറ്റു കുട്ടികളിൽ കൂടുതൽ അവബോധം നൽകാൻ പ്രേരിപ്പിക്കുന്നു.<br>ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>വിദഗ്ദ്ധരുമായുള്ള അഭിമുഖത്തിന് ചോദ്യാവലി തയ്യാറാക്കുന്നു.<br>പഠനയാത്രയുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട രീതിയിൽ യാത്രാക്കുറിപ്പ് തയ്യാറാക്കുന്നു.<br>ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തിയുള്ള മെച്ചപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. |

## മേഖല 2 - വിദ്യാലയ വിഭവങ്ങൾ

പഠനനേട്ടങ്ങൾ സ്വായത്തമാക്കാനുതകുന്ന അക്കാദമിക് നിലവാരം ഉയർത്തുന്ന പ്രവർത്തനത്തോടൊപ്പം കുട്ടിയുടെ സമഗ്ര വളർച്ച ലക്ഷ്യം വച്ച് അവന്റെ കല,കായിക മേഖലയിലെ ' കഴിവുകൾ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കുന്നു. കുട്ടിയുടെ സർഗ്ഗാത്മക കഴിവുകളുടേയും തൊഴിൽ നൈപുണികളുടേയും വികസനം ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നു. പഠന നേട്ടവുമായി ബന്ധപ്പെടുത്തി ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യാനുദ്ദേശിക്കുന്ന വേറിട്ട പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

### നിറം - ചിത്രമതിൽ

ഒരു നല്ല ചിത്രം കുട്ടിയെ സന്തോഷിപ്പിക്കുകയും, ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. നല്ല ചിത്രങ്ങളിലൂടെ കുട്ടികളുടെ സർഗശേഷികൾ വികസിക്കുന്നു. പ്രകൃതിയെ അടുത്തറിയാൻ കഴിയുന്നു. ചിന്താശേഷി വികസിക്കുന്നു. ഈ ലക്ഷ്യം മുൻനിർത്തി ഓരോ ക്ലാസിലേയും പഠനനേട്ടങ്ങൾ ആവിഷ്കരിക്കുന്ന ചിത്രങ്ങൾ വരച്ച് സ്കൂളിന്റെ ഭിത്തികളും, ചുറ്റുമതിലും ആകർഷകമാക്കാൻ തീരുമാനിച്ചു.

### നിറം - ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളേയും പഠനമികവിലേക്കുയർത്താൻ ചിത്രങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നു.
2. ആശയാത്മക ചിത്രീകരണം നടത്തുന്നു.
3. കുട്ടിയുടെ പഠനം പാഠപുസ്തകത്തിൽ നിന്ന് പുറത്തേക്ക് നയിക്കുന്നു.
4. പൊതു സമൂഹത്തെ വിദ്യാലയത്തിലേക്ക് അടുപ്പിക്കുന്നു.

## പ്രവർത്തനങ്ങൾ

ചിത്ര സാധ്യതയുമായി ബന്ധിപ്പിക്കാവുന്ന എല്ലാ പഠനപ്രവർത്തനങ്ങളും പട്ടികപ്പെടുത്തുന്നു.(ക്ലാസ് തലം)

ചിത്രമതിൽ എന്ന ആശയം പി.ഇ.സിയിൽ അവതരിപ്പിച്ച് പഞ്ചായത്തിന്റെ സാമ്പത്തിക സഹായം അഭ്യർത്ഥിക്കുന്നു.

ചിത്രമതിൽ തയ്യാറാക്കുവാനുള്ള ചുമതല എസ്.എം.സിയെ ഏൽപ്പിക്കുന്നു.

പഠനസാധ്യതയ്ക്ക് പ്രാധാന്യം നൽകി ചിത്രം വരയ്ക്കാൻ ഇടം കണ്ടെത്തുന്നു.

പ്രാദേശിക ചിത്രകാരൻമാരുടെ സേവനം ഉറപ്പു വരുത്തുന്നു.

ചിത്രമതിലുമായി ബന്ധപ്പെട്ട പഠന നേട്ടവും പ്രവർത്തനങ്ങളും ഉൾപ്പെടുത്തി അധ്യാപിക പാഠാസൂത്രണം ചെയ്യുന്നു.

ചിത്രത്തെ ആസ്പദമാക്കി വിവിധ വ്യവഹാര രൂപങ്ങൾ നിർമ്മിക്കുന്നു.

ചിത്രത്തിലൂടെ ശാസ്ത്രീയ വിശകലനത്തിനുള്ള സാധ്യത ഒരുക്കുന്നു.

ചിത്രമതിലിനെ മെച്ചപ്പെട്ട ഒരു പഠനോപകരണമായി മാറ്റുന്നു.

പൊതു സമൂഹത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നതിനും കൂടുതൽ കുട്ടികളെ പൊതു വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നതും ചിത്രമതിൽ സഹായകമാകും എന്ന് കരുതുന്നു.

## ചിൽഡ്രൻസ് പാരഡൈസ് (ടാലന്റ് ലാബ്)

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യത്യസ്ത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പ്രോത്സാഹിപ്പിക്കുമ്പോഴാണ് അവന്റെ സമഗ്ര വളർച്ച സാധ്യമാകുന്നത്. എല്ലാ കുട്ടികളും ഒരുപോലെ പഠനനേട്ടങ്ങൾ ആർജ്ജിക്കുന്നവരാകില്ല. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കഴിവുകളും തിരിച്ചറിയപ്പെടേണ്ടതുണ്ട്. ഇവ മനസ്സിലാക്കി അടുത്ത അധ്യയന വർഷം മുതൽ ഈ വിദ്യാലയത്തെ ടാലന്റ് ലാബാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ ഞങ്ങൾ തീരുമാനിച്ചു. ഇതുമൂലം കുട്ടിയുടെ കലാപരവും, കായികവും, മാനസികവും, സർഗ്ഗാത്മകവുമായ കഴിവുകളുടെ വികാസം കൂടിയാണ് സാധ്യമാകുന്നത്. ഇതിന് കുട്ടിയെ ഒരു യൂണിറ്റായി പരിഗണിക്കണം.

## ലക്ഷ്യങ്ങൾ

1. വിഷയബന്ധിതമായി കുട്ടികളെ ഉയർന്ന നിലവാരത്തിലുള്ളവരായി മാറ്റിയെടുക്കുന്നു.
2. കലകളിലൂടെ പഠനം പ്രയാസരഹിതവും ആസ്വാദ്യകരവുമാക്കുന്നു.
3. പൊതുവിദ്യാഭ്യാസരംഗത്ത് നവമാതൃകകൾ സൃഷ്ടിക്കുന്നു.
4. സാംസ്കാരിക അവബോധം വളർത്തുന്നു.
5. അവതരണശേഷി വർദ്ധിപ്പിക്കുന്നു. സഭാകമ്പം ഒഴിവാക്കുന്നു.
6. പൊതുസമൂഹത്തിന്റെ ക്രിയാത്മക പങ്കാളിത്തം ഉറപ്പുവരുത്തുന്നു.
7. നേതൃപാഠവം വർദ്ധിപ്പിക്കുന്നു.
8. കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നു.
9. പഠനമികവ് പൊതു സമൂഹത്തെ ബോധ്യപ്പെടുത്തുന്നു.

# പ്രവർത്തന ഘട്ടങ്ങൾ

വാർഷിക പദ്ധതിയിൽ തനത് പരിപാടിയായി ടാലന്റ് ലാബ് (ചിൽഡ്രൻസ് പാരഡൈസ്) ഉൾപ്പെടുത്തുന്നു.
ഓരോ ക്ലാസിലേയും കുട്ടികളുടെ വ്യത്യസ്ത കഴിവുകൾ പ്രത്യേകം തിരിച്ചറിയുന്നു.
ഉദാ : പഠനമികവ്, സംഗീതം, ഡാൻസ്, ചിത്ര രചന, സാഹിത്യം, കായികം മുതലായവ
എല്ലാ ക്ലാസിലേയും വ്യത്യസ്ത കഴിവ് പുലർത്തുന്ന കുട്ടികളെ പട്ടികപ്പെടുത്തുന്നു. ശനിയാഴ്ചകളിൽ ഓരോ മേഖലയിലും പ്രാവീണ്യം തെളിയിച്ചവരെ ഉൾപ്പെടുത്തി (പ്രാദേശിക വിദഗ്ദ്ധർക്ക് മുൻഗണന) ഓരോ കുട്ടികൾക്കും പരിശീലനം നൽകുന്നു. ഓരോ വിഭാഗം കുട്ടികൾ ½ അധ്യാപകർക്ക് ചുമതല വിഭജിച്ച് നൽകുന്നു.
കുട്ടികളുടെ വ്യത്യസ്ത കഴിവുകൾ പ്രകടിപ്പിക്കാൻ സ്കൂൾ റേഡിയോ പ്രയോജനപ്പെടുത്തുന്നു. കായിക മേഖലയിൽ കഴിവ് തെളിയിച്ച കുട്ടികൾക്ക് എസ്.എസ്.എയിൽ നിന്നുള്ള കായികാധ്യാപകന്റെ നേതൃത്വത്തിൽ പരിശീലനം നൽകുന്നു. കുട്ടികളെ ഉപജില്ല, ജില്ല കലാകായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. പ്രവർത്തി പരിചയവുമായി ബന്ധപ്പെട്ട് ശില്പശാലകൾ സംഘടിപ്പിക്കുന്നു. കുട്ടികൾ വിവിധ നിർമ്മാണ പ്രവർത്തികളിൽ ഏർപ്പെടുന്നു. മാസത്തിലൊരിക്കൽ കുട്ടികളുടെ സൃഷ്ടികൾ കാണാൻ രക്ഷിതാക്കൾക്കും സമൂഹത്തിനും അവസരം ഒരുക്കുന്നു. കുട്ടികളുടെ കഴിവുകൾ സമൂഹം വിലയിരുത്തുന്നു.
കുട്ടികളുടെ പറുദീസയിൽ വിരിഞ്ഞ വേറിട്ട പ്രവർത്തനങ്ങൾ സമൂഹത്തിന്റെ അഭിപ്രായങ്ങളും വിലയിരുത്തലും അഭിനന്ദനങ്ങളും കുട്ടികൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ സ്കൂളിന്റെ ഫേസ്ബുക്ക് പേജിൽ പോസ്റ്റ് ചെയ്യുന്നു.